2. ഉരുവച്ചാൽ, കക്കയങ്ങാട് റോഡ് കി.മീ. 0/00 - 16/640 ടെണ്ടർ ചീഫ് എഞ്ചിനീയർ തലത്തിൽ പരിശോധിച്ചുവരുന്നു.

3. മട്ടന്നൂർ-ശിവപുരം-തോലമ്പ്ര പേരാവൂർ റോഡ് കി.മീ. 0/00-5/00 - 140 ലക്ഷം - പ്രവർത്തി ആരംഭിച്ചു

4. ഈന്തുംകരി-ഉരുപ്പുംകുറ്റി-ഏഴാംകടവ് റോഡ് കി.മീ. 0/00 - 2/100 - 98 ലക്ഷം പ്രവൃത്തി പുരോഗമിക്കുന്നു.

തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി യുടെ പ്രവൃത്തികൾ

245 (842) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യത്തിന് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ പി.ഡബ്ല്യൂ.ഡി ഏതെല്ലാം പ്രവൃത്തികൾ നടത്തിയിട്ടുണ്ടെന്നും ആയതിലേക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കുമോ ?

ഉത്തരം

ദേശീയപാത കി.മീ. 125/000 മുതൽ 135/000 വരെ (പരിയാരം മുതൽ തൃച്ചംബരം വരെ) ഉപരിതലം മെച്ചപ്പെടുത്തുന്നതിന് 5,99,97,108- രൂപയും 135/000 മുതൽ 140/500 വരെ (തൃച്ചംബര മുതൽ ധർമ്മശാല വരെ) ഉപരിതലം മെച്ചപ്പെടുത്തുന്നതിന് 16,5,48,445 രൂപയും കി.മീ. 129/800 മുതൽ 130/050 വരെ (ചിറവക്കിനും കുപ്പത്തിനും ഇടയിൽ ഉള്ള ഭാഗത്തെ വളവ, നികത്തി വീതി കൂട്ടുന്നതിന് 13,92,974 രൂപയും കി.മീ. 132/850 ചിറവക്കലുള്ള കലുങ്ക് പുനർനിർമ്മിച്ചതിന് 7,90,421 രൂപയും ചെലവഴിച്ചിട്ടുണ്ട്. കെ.എസ്.റ്റി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി തളിപ്പറമ്പ്, ഇരിട്ടി റോഡിന്റെ ഉപരിതലം മിനുക്കൽ ജോലികൾ ഏറ്റെടുത്ത് നടത്തിവരുന്നു. ഇതിലേക്കായി 6.38 കോടി രൂപ ചെലവഴിക്കുന്നതാണ്. കെട്ടിടവിഭാഗത്തെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* നിരത്തുകളും പലങ്ങളും വിഭാഗത്തെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

ബേവിഞ്ച-ആലൂർ-ഇരിയണ്ണി റേഡ് നിർമ്മാണം

246 (843) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് മണ്ഡലത്തിലെ ബേവിഞ്ച-ആലൂർ-ഇരിയണ്ണി റോഡിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly